ഈ കാര്യത്തെ സമീപിച്ചത്. ഏത്രയെത്ര കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിതത്വത്തിൽ നിന്നുകൊണ്ടാണ്. അദ്ദേഹം പ്രസംഗിച്ചതെന്ന് മനസ്സിലാക്കേണ്ടതാണ്. മതപരമായ കാര്യങ്ങളും രാഷ്ട്രീയത്തിൽ കൊണ്ടുവരുന്നത് തെറ്റാണ്. മതപരമായ കാര്യങ്ങളെ ആസ്പദമാക്കി ക്കൊണ്ട് രാഷ്ട്രീയ തീരുമാനങ്ങളെടുക്കുന്നത് തെറ്റാണ്. അതല്ലേ ഇന്ന് ഇൻഡ്യയിലെ സ്ഥാനങ്ങളിൽ ചെയ്യുവാനായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്നത്. ഇത് ഈ രാജ്യത്ത് വളരെയധികം പ്രത്യാഘാതങ്ങളും ഉണ്ടാക്കും. റിപ്പബ്ലിക് ദിനം, ആരുംതന്നെ എതിർക്കാൻ പാടില്ല. റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യ ദിനം തുടങ്ങിയ ആഘോഷ പരിപാടികളിൽ എല്ലാവരും പങ്കെടുക്കേണ്ടതുണ്ട്. ആരുംതന്നെ എതിർക്കേണ്ടതില്ല. ജനതാപാർട്ടി എതിർക്കുന്നില്ല. ജനതാപാർട്ടി ഈ രാജ്യത്തെ സ്വാതന്ത്ര്യത്തിനേറെയും ജനാധിപത്യത്തിനേറെയും പ്രതീകമാണ്. ജനതാ പാർട്ടി 1977-ൽ ഇൻഡ്യയിൽ അധികാരത്തിൽ വന്നു. അതോർത്തു കൊണ്ടെങ്കിലും ജനതാപാർട്ടിയെ അനാവശ്യമായി തെറ്റ് പറയുവാൻ മുന്നോട്ടുവരുന്നത് തെറ്റാണ്; ദോഷകരമാണ് എന്നു പറഞ്ഞുകൊണ്ട് ഈ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

III. പ്രസ്താവന

സ്പീക്കറുടെ പ്രസ്താവന

മി. സ്പീക്കർ: ചെയർ ഒരു അഭ്യർത്ഥന നടത്തുകയാണ്. ഈ സഭാ സമ്മേളനം വളരെ സുഗമമായി നടത്തിക്കൊണ്ടു പോകണം. പല സെൻസിറ്റീവായിട്ടുള്ള പ്രശ്നങ്ങളും വരാം. അങ്ങനെ വരുമ്പോൾ ബന്ധപ്പെട്ട അംഗങ്ങൾക്കെല്ലാം അഭിപ്രായം പറയാൻ അവസരം നൽകണം. അത് ഒരു കാരണവശാലും പരിധിവിട്ടുപോയി സഭയുടെ അന്തസ്സിന് ക്ഷതമേൽപ്പിക്കാൻ ഇടയായി ആരും പ്രത്യേകമായി ശ്രമിക്കരുത്. അതുകൊണ്ട് ഏത് പ്രശ്നമായാലും അത് പറയുമ്പോൾ അങ്ങേയറ്റത്തെ റസ്ട്രയിന്റ് പാലിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

IV. ശ്രദ്ധ ക്ഷണിക്കൽ

(1) ചെറുകിട കയർ ഉൽപ്പാദകർ പണി നിറുത്തി വച്ചിരിക്കുന്നതു മൂലം കയർത്തൊഴിലാളികളും അനുഭവിക്കുന്നതായ ബുദ്ധിമുട്ടുകളും

ശ്രീ. തോപ്പിൽ രവി: സർ, ചെറുകിട കയർ ഉൽപ്പാദകർ കഴിഞ്ഞ 15-ാം തീയതി മുതൽ പണി നിറുത്തിവെച്ചിരിക്കുന്നതു മൂലം കൊല്ലത്തും, പരിസര പ്രദേശങ്ങളിലുമുള്ള ആയിരക്കണക്കിനു കയർത്തൊഴിലാളികളും കൊടിയ ദാരിദ്ര്യത്തിലേയ്ക്ക് വലിച്ചെറിയപ്പെട്ടിരിക്കുന്ന പ്രത്യേക സാഹചര്യം ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പെരിനാടും, കുണ്ടറയും, പരിസര പ്രദേശങ്ങളിലും ആരംഭിച്ച ഈ സമരം

LIBRARY ARCHIVES Kerala Legislative Assembly